DESPATCHED
On.30.1.2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

<u>ഹർജി നമ്പർ സി.പി. 528(3)/2020/എസ്.ഐ.സി.</u>

<u>തീർപ്പു കൽപ്പിച്ച തീയതി 12.01.2021</u>

<u>സന്നിഹിതൻ</u>

**ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ**

Adv. Viswabhadran M. V.,
Ex-Gratia,
Eravukadu Ward,
Alappuzha – 688 002. } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ &**
**അണ്ടർ സെക്രട്ടറി,**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,**
**പട്ടം, തിരുവനന്തപുരം.** } **എതിർകക്ഷി**

## <u>ഉത്തരവ്</u>

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02.08.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 06.10.2020 |
| കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ച തീയതി | 10.09.2020 |
| ഹർജിക്കാരന്റെ പരാതി ഹർജി കൈപ്പറ്റിയ തീയതി | 18.09.2020 |

ഈ പരാതി ഹർജി തീർപ്പാക്കുന്നതിനായി 12.01.2021 – ന് ടെലിഫോൺ മുഖേന കമ്മീഷൻ നടത്തിയ ഹിയറിംഗിൽ എതിർകക്ഷി കമ്മീഷനിൽ നൽകിയ മൊഴിയും സമർപ്പിച്ച റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് ഈ പരാതി ഹർജി താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി.ഐ.ഒ.) 02.08.2020 – ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 30 ദിവസം കഴിഞ്ഞിട്ടും മറുപടി ലഭിച്ചില്ല എന്ന് പരാതിപ്പെട്ടുകൊണ്ടാണ് 10.09.2020 – ന്



RIGHT TO INFORMATI

ഈ പരാതി ഹർജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. ഈ പരാതി ഹർജി സംബന്ധിച്ച് കമ്മീഷൻ നടത്തിയ ടെലിഫോണിക് ഹിയറിംഗിൽ പങ്കെടുത്ത എസ്.പി.ഐ.ഒ. നേരിട്ട് വിശദീകരിച്ചതും അപ്പീൽ അധികാരി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ വിശദീകരിച്ചിരിക്കുന്നതും ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻ / കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളുമായി ബന്ധപ്പെട്ട എൻ.സി.എ. ഒഴിവുകളെപ്പറ്റിയും, ഈഴവ / ബില്ല / തീയ്യ എൻ.സി.എ. ഊഴങ്ങൾ വിഞ്ജാപനം ചെയ്യുന്നതു സംബന്ധിച്ചും, Travancore Cochin Medical Council Registration സംബന്ധിച്ചുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങൾ എല്ലാം ഉൾപ്പെടുത്തി 06.10.2020 – ന് ഹർജിക്കാരന് വിവരം നൽകിയെന്നും കോവിഡ് 19 സംബന്ധിച്ച നിയന്ത്രണങ്ങൾ നിലവിലുണ്ടായിരുന്നതിനാൽ വിവരം ശേഖരിച്ചു നൽകുന്നതിന് കാലവിളംബം നേരിട്ടതിനാലാണ് വിവരാവകാശ അപേക്ഷയ്ക്ക് 30 ദിവസത്തിനകം മറുപടി നൽകുവാൻ കഴിയാതെ പോയതെന്നുമാണ്. 17.09.2020 – ലെ തീയതി വച്ച് 22.09.2020 – ന് ഹർജിക്കാരന്റെ ഒന്നാം അപ്പീൽ പി.എസ്.സി. യിൽ ലഭിച്ചെന്നും പ്രസ്തുത അപ്പീൽ പരിശോധിച്ച അപ്പീൽ അധികാരി 13.10.2020 – ന് അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം വിശദീകരിച്ചു എന്നും കമ്മീഷനിൽ ബോധിപ്പിക്കുകയുണ്ടായി.

3) എസ്.പി.ഐ.ഒ. യുടെ 06.10.2020 – ലെ മറുപടിയുടെ പകർപ്പും, അപ്പീൽ അധികാരിയുടെ 13.10.2020 – ലെ കത്തിന്റെയും, 01.12.2020 – ലെ അപ്പീൽ ഉത്തരവിന്റെയും പകർപ്പും അപ്പീൽ അധികാരി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിനോടൊപ്പം ഹാജരാക്കിയിട്ടുണ്ട്.

4) ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചതിന്റെ 39 – ാം ദിവസം വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നാരോപിച്ചുകൊണ്ട് കമ്മീഷനിൽ പരാതി സമർപ്പിക്കുകയാണ് ചെയ്തത്. വിവരാവകാശ അപേക്ഷ സമർപ്പിച്ച് 30



RIGHT TO INFORMAT

ദിവസത്തിനകം മറുപടിയോ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളോ ലഭിക്കുവാൻ അപേക്ഷകന് അവകാശമുണ്ടെന്നതു ശരിയാണ്. ഇത് സാധാരണ സാഹചര്യങ്ങളിൽ നടക്കേണ്ട കാര്യമാണ്. അസാധാരണ സാഹചര്യങ്ങളിൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന അതേ രീതിയിൽ തന്നെ അതേ സമയക്രമത്തിൽ കാര്യങ്ങൾ നടക്കണ മെന്ന് നിർബന്ധം പിടിക്കുവാൻ കഴിയുകയില്ല. 2020 മാർച്ച് മുതൽ ലോകത്താകമാനം കോവിഡ് 19 എന്ന മഹാമാരി കാരണം അസാധാരണ സാഹചര്യമാണ് നിലനിൽക്കുന്ന ത്. ലോക്ക്ഡൗണും ക്വാറന്റീനും കാരണം പല ഓഫീസുകളും പല സെക്ഷനുകളും പല ദിവസങ്ങളും ആഴ്ചകളും അടഞ്ഞു കിടക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ ഓരോ ഓഫീസിലേയും ഓരോ ജീവനക്കാരന്റെയും ജീവനും ആരോഗ്യത്തിനും സുരക്ഷിതത്വം നൽകുക എന്നത് വളരെ പ്രധാനമായ കാര്യം തന്നെയാണ്. അത്തരം സാഹചര്യത്തിലാണ് ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിക്കുവാൻ 9 ദിവസത്തെ കാലതാമസമുണ്ടായത്. അതൊരു വീഴ്ചയായി കണക്കാക്കുവാനോ ബോധപൂർവ്വം വിവരം നിഷേധിച്ചതാണെന്നോ കരുതു വാൻ കഴിയില്ല. അൽപ്പം കാലതാമസമുണ്ടായെങ്കിലും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമായി എന്നു കാണുന്നതിനാൽ ഈ പരാതി ഹർജിയിലെ അനന്തര നടപടി കൾ ഇവിടെ അവസാനിപ്പിച്ചുകൊണ്ട് ഈ പരാതി ഹർജി ഇന്നേ ദിവസം, 2021 ജനുവരി മാസം 12 – ാം തീയതി തീർപ്പാക്കുന്നു.

**(ഒപ്പ്)**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv